

26-05-2023

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–26/05/2023.

1. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയോടനുബന്ധിച്ച് ഇന്ന് **കളവാഴയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പന്ന പ്രദർശനവും അനുഭവ വിവരണവും, തെങ്ങിലെ സംയോജിത കീടരോഗ നിയന്ത്രണ മാർഗങ്ങൾ, നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ അനുഭവം പങ്കുവെക്കൽ** എന്നീ വിഷയങ്ങളിൽ കാർഷിക സെമിനാറും കാർഷിക പ്രശ്നോത്തരിയും ഉണ്ടായിരിക്കുന്നതാണ്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപ്പാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള **നാടൻ, കുറിയ ഇനം** തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. കുറഞ്ഞത് 10 തൈകൾ വാങ്ങുന്ന കേര കർഷകർക്ക് നാളികേര വികസന ബോർഡിന്റെ തെങ്ങ് പുതു കൃഷി പദ്ധതിയിൽ സബ്സിഡിയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. പാലക്കാട് ജില്ലയിലെ തെക്കുംമുറിയിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാനകേന്ദ്രത്തിൽ മോഹിത് നഗർ കമുകിൻ തൈകൾ തൈ ഒന്നിന് 35 രൂപ നിരക്കിൽ ഈ മാസം 29 മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് **0466-2212279, 2912008, 6282937809** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. കൊച്ചിയിലെ കശുമാവ്, കൊക്കോ ഡയറക്ട്രേറ്റ് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രവുമായി സഹകരിച്ച് വയനാട്ടിലെ കർഷകർക്കായി ഈ മാസം 28 രാവിലെ 10 മണി മുതൽ 1 മണിവരെ "Clean Cultivation Practices in Cocoa" എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04936260411 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത രണ്ടു മാസം പ്രായമുള്ള BV380 മുട്ടകോഴിക്കുഞ്ഞുങ്ങൾ 200/- രൂപ നിരക്കിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ്. പ്രതിവർഷം 300 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ

കോഴികൾ. കൂടുതൽ വിവരങ്ങൾക്ക് **04936 260411, 9496930411** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

6. ലോക ക്ഷീരദിനാചരണത്തിന്റെ ഭാഗമായി പാലിന്റെയും പാലുത്പന്നത്തിന്റെയും ക്ഷീരവ്യവസായത്തിന്റെയും പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ മാസം 29 ന് (29.05.2023) കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. രാവിലെ 10.30ന് എൽ.പി.വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (ക്രയോൺസ്), യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (വാട്ടർ കളർ), ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പെൻസിൽ ഡ്രോയിങ് എന്നിവയും ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രബന്ധരചന എന്നിവ ഉണ്ടായിരിക്കുന്നതാണ്. ചിത്രരചനാ മത്സരത്തിൽ പങ്കെടുക്കുന്നവർ ക്രയോൺസ്, പെൻസിൽ, വാട്ടർ കളർ എന്നിവ കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

**പരിശീലനം**

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 29-ന് (29.05.2023) രാവിലെ 10 മണി മുതൽ **"ജലസംരക്ഷണ മാർഗ്ഗങ്ങൾ"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് **റബ്ബറിന് വളമിടുന്നതിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. ജൂൺ 2 -ന് ഉച്ചയ്ക്ക്ശേഷം 2.30 മുതൽ 4.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812351313** വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**കാർഷിക നിർദ്ദേശങ്ങൾ**

1. തെങ്ങിലെ ചെല്ലിക്കുത്തിന് പ്രതിരോധിക്കുവാൻ കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കൊമ്പിന് ചുറ്റുമുള്ള രണ്ടു മുതൽ മൂന്ന് ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റ ഗുളികയും അല്ലെങ്കിൽ തുല്യ അളവു മണലും വേപ്പിൻ പിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് നാലു ഗ്രാം/ ഫിപ്രോനിൽ 0.3ഗ്രാം/ കാർബോ സൾഫാൻ 6 ഗ്രാം എന്നിവയിൽ ഏതെങ്കിലും 200 ഗ്രാം മണലുമായി ചേർത്ത് കൂമ്പിന് ചുറ്റുമുള്ള രണ്ടു മുതൽ മൂന്ന് ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്ന് പ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലയ്ക്ക് ചുറ്റും കെട്ടുകയും ഇലക്കവിളിൽ ഇറക്കി വയ്ക്കുകയും ചെയ്യുക.

2. മത്സ്യകൃഷിക്ക് വേണ്ടി കുളങ്ങൾ തയ്യാറാക്കേണ്ട സമയമാണിത്. കുളങ്ങൾ വറ്റിച്ച് കുമ്മായം ഇടാവുന്നതാണ്. വറ്റിക്കാൻ പ്രയാസമുള്ള കുളങ്ങളിൽ തേയിലപ്പിണ്ണാക്കും മഹുവ പിണ്ണാക്കും ഉപയോഗിച്ച് കള മത്സ്യങ്ങളെ നീക്കം ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം